ഉത്തരം

(എ) എ.ഇ.പി.എം.എച്ച്.എസ്.എസ്. ഇരുമ്പനങ്ങാട് സ്കൂളിലെ യു.പി.എസ്.എ. ആയിരുന്ന ശ്രീ. ബൈജു ജോൺ 2-11-2005 മുതൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കേളൻകാവ് ഗവൺമെന്റ് യു.പി.എസ്.-ൽ സംരക്ഷിതാദ്ധ്യാപകനായി ജോലി നോക്കിവന്നിരുന്നു. ടിയാനെ മാതൃ വിദ്യാലയത്തിൽ വേക്കൻസിവരുന്ന മുറയ്ക്ക് തിരിച്ചുവിളിച്ച് നിയമനം നൽകുന്നതിനുപകരം ശ്രീമതി ലേജു കൃഷ്ണനെ, ശ്രീമതി ബി. ജയശ്രീ വിരമിച്ച ഒഴിവിൽ 18-6-2008 മുതൽ മാനേജർ എച്ച്.എസ്.എ. (എസ്.എസ്.) ആയി നിയമിച്ചു. പ്രസ്തുത നിയമനം കെ.ഇ.ആർ. ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത നിയമനം സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി-ഡി) ശ്രീമതി ലേജു കൃഷ്ണന്റെ പ്രസ്തുത കാലയളവിലെ നിയമനവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

സ്കൂൾ പാചക തൊഴിലാളികളുടെ വർദ്ധിപ്പിച്ചവേതനം

52 (5123) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ പാചക തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച വേതനം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ഇവ ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ പാചക തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തിദിനം വേതനം ഇനത്തിൽ നിലവിൽ നൽകിവന്നിരുന്ന 200 രൂപയിൽനിന്നും 1-4-2013 മുതൽ 50 രൂപ നിരക്കിലും 1-4-2014 മുതൽ 100 രൂപ നിരക്കിലും വർദ്ധനവ് വരുത്തി 2-7-2015-ലെ സ.ഉ.(കൈ) നമ്പർ 176/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന് ബന്ധപ്പെട്ട തീയതി മുതൽ മുൻകാല പ്രാബല്യവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly